പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3104 | 10/05/2017-ൽ മറുപടിക്ക്

**കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.എൽദോസ് കുന്നപ്പിള്ളി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പുകൾ പോലും കൃത്യമായി ലഭിക്കുന്നി-ല്ലായെന്നത് ശിശുസൗഹൃദ സംസ്ഥാനമെന്ന നമ്മുടെ സത്പേരിന് കളങ്കമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | സംസ്ഥാനത്ത് ഏകദേശം 1% (ഒരു ശതമാനം) കുട്ടികൾ പ്രതിരോധ കുത്തിവയ്പ്പ് എടുത്തിട്ടില്ല. ഏകദേശം 11.8% കുട്ടികൾ പ്രതിരോധ കുത്തിവയ്പ്പ് ഭാഗികമായി മാത്രമേ എടുത്തിട്ടുള്ളു. |
| ബി) | എത്ര ശതമാനം കുട്ടികളാണ് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നില്ലയെന്ന് കണ്ടെത്തിയിട്ടുള്ളത്; | | |
| സി) | ഇക്കാര്യത്തിൽ ഗൗരവപൂർണ്ണ-മായ നിലപാട് സ്വീകരിച്ച് ആദ്യപിറന്നാളിന് മുമ്പ് കുട്ടികൾക്ക് നൽകേണ്ട അഞ്ച് വാക്സിനേഷനുകൾ നൽകുവാൻ ഊർജ്ജിത പ്രചരണ പരിപാടി-കൾ ആവിഷ്കരിക്കുമോ? | സി) | ആവിഷ്കരിക്കും. നിലവിലുള്ള ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം കൂടാതെ കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം കുത്തിവയ്പ്പ് എടുത്തിട്ടില്ലാത്ത (ഭാഗികമായി എടുത്തിട്ടുള്ള) കുട്ടികളെ കണ്ടുപിടിച്ച് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 9 ജില്ലകളിൽ മിഷൻ ഇന്ദ്രധനുഷ് എന്ന പ്രത്യേക പ്രതിരോധ ക്യാംപയിൻ ഏപ്രിൽ 7 മുതൽ നടക്കുന്നു. ഇതിനായി ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും ബാനർ, പോസ്റ്റർ, നോട്ടീസ്, ലീഫ് ലെറ്റ് തുടങ്ങിയ പ്രചരണ ഉപാധികൾ ഉപയോഗിച്ചും അതത് ജില്ലകളിൽ പ്രചരണം, പ്രവർത്തനപദ്ധതിയനുസരിച്ച് പ്രാഥമിക-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ വഴിയും പോസ്റ്റ് പാർട്ടം യൂണിറ്റുകൾ വഴിയും നടത്തിവരുന്നു. കൂടാതെ അംഗൻവാടികളിൽ നടത്തുന്ന അമ്മമാരുടെ മീറ്റിംഗുകളിലും ആശാവർക്കർമാർ, ജെ.പി. എച്ച്.എൻ, ജെ.എച്ച്.ഐ-മാർ വിളിച്ചുചേർക്കുന്ന പ്രത്യേക യോഗങ്ങൾ / ക്ലാസ്സുകളിലും സന്നദ്ധ സംഘടനകൾ വഴിയും ബോധവൽക്കരണ, പ്രചരണ പരിപാടികൾ നടത്തുന്നു. ആരോഗ്യകേരളവും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പരിപാടികൾ നടത്തുന്നത്. ഇതിനുശേഷം പ്രതിരോധ കുത്തിവെയ്പ്പ് പൂർണ്ണമാകാത്തവർക്കായി ടോട്ടൽ ഇമ്മ്യൂണൈസേഷൻ കേരള എന്ന കർമ്മപരിപാടി തിരഞ്ഞെടുക്കുന്ന ജില്ലകളിൽ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ